"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ജീവനക്കാര്യം - ഗവ.ആർട്സ് & സയൻസ് കോളേജ് കോഴിക്കോട് - ശ്രീമതി.വിജയകുമാരി. എൻ.എം, അസിസ്റ്റന്റ് പ്രൊഫസർ (റിട്ട) - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA(EKM)322/2020 നമ്പർ കേസിലെ 27.01.2022-ലെ ഉത്തരവിനെതിരെ സർക്കാർ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത OP(KAT)330/2022 - മേലുള്ള 14.02.2024- ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.472/2024/HEDN  തീയതി,തിരുവനന്തപുരം, 19-04-2024

---

പരാമർശം:-

1. സ.ഉ (പി)നം.58/2010/ഉ.വി.വ തീയതി 27.03.2010
2. സ.ഉ (പി)നം.392/2010/ഉ.വി.വ തീയതി 10.12.2010
3. ശ്രീമതി.വിജയകുമാരി എൻ.എം. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA(EKM)322/2020 - ലെ 27.01.2022 - ലെ ഉത്തരവ്
4. OP(KAT)330/2022 - മേലുള്ള ബഹു.ഹൈക്കോടതിയുടെ 14.02.2024 - ലെ വിധിന്യായം.
5. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 26.03.2024 - ലെ യു.ജി.സി സെൽ 5/23207/2019/കോ.വി.വ നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ഗവ.ആർട്സ് & സയൻസ് കോളേജിൽ നിന്നും 30.04.2018 - ന് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ വിരമിച്ച ശ്രീമതി.വിജയകുമാരി എൻ.എം. യു.ജി.സി ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം 26.09.2011 മുതൽ ലഭിക്കേണ്ടിയിരുന്ന അസിസ്റ്റൻറ് പ്രൊഫസർ സ്റ്റേജ് 3 (AGP 8000), 26.09.2014 മുതൽ ലഭിക്കേണ്ട അസ്സോസിയേറ്റ് പ്രൊഫസർ പ്രൊമോഷൻ എന്നിവ അനുവദിക്കണം എന്നാവശ്യപ്പെട്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA(EKM)322/2020 നമ്പർ കേസിന്മേലുളള പരാമർശം (3) ലെ വിധിന്യായം ചുവടെ ചേർക്കും പ്രകാരമായിരുന്നു.

Accordingly Annexure AI order is set aside and the first and second respondent is directed to consider and pass appropriate orders on Annexure A2 (P1-2cf) and A3 representations preferred by the applicant in accordance with Annexure A8 order GO(P)No.58/2010/HEDN dated 27.03.2010 Annexure A10 order of the Hon'ble Supreme Court and taking note of Annexure A12 Order. The respondents shall pass appropriate orders within in period 2 months from the date of receipt of a certified copy of this order

and it will be ensured that the benefits arising therefore is disbursed without further delay by refixing the salary and revising the pensionary benefits within a further period of 3 months therefrom.

The Original Application is accordingly disposed of.

2.ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (3) - ലെ ഉത്തരവിനെതിരെ സർക്കാർ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത OP(KAT)330/2022 നമ്പർ അപ്പീലിന്മേൽ പരാമർശം (4) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിലെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

In the result,the O.P(KAT) is disposed of with the following directions:-

1)The petitioners herein/respondents in the O.A are directed to consider and pass orders on Annexures A2 and A3 representations preferred by the applicant, in accordance with law, untramelled by the observations contained in the order of the Tribunal, after affording an opportunity of being heard to the applicant.

2)The direction given by the Tribunal to ensure that the benefits are disbursed without delay by refixing the salary and revising the pensionary benefits shall be decided on the basis of the decision taken by the respondents on Annexures A2 and A3 representations.

3.ബഹു.ഹൈക്കോടതി നിർദ്ദേശ പ്രകാരം, അപേക്ഷകയെയും, കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ പ്രതിനിധികളെയും 26.03.2024 തീയതിയിൽ നേരിൽ കേട്ടിരുന്നു.

4. ശ്രീമതി.വിജയകുമാരി എൻ.എം. ന് 26.09.2001 - ൽ സർവീസിൽ പ്രവേശിക്കുമ്പോൾ തന്നെ M.Phil Degree ഉള്ളതിനാൽ 5 വർഷം പൂർത്തിയായപ്പോൾ സീനിയർ സ്കെയിൽ പ്ലേസ്മെന്റ് അനുവദിച്ചിരുന്നെന്നും, ആറാം യു.ജി.സി ശമ്പള പരിഷ്കരണം നിലവിൽ വന്നപ്പോൾ തസ്തിക അസിസ്റ്റന്റ് പ്രൊഫസർ AGP 7000 ആയി എന്നും, സീനിയർ സ്കെയിൽ പ്ലേസ്മെന്റ് കഴിഞ്ഞ് 5 വർഷത്തിന് ശേഷം 26.09.2011 - ന് അസിസ്റ്റന്റ് പ്രൊഫസർ AGP 8000 - ലേയ്ക്ക് (ലക്ച്ചറർ സെലക്ഷൻ ഗ്രേഡിന് തത്തുല്യം) പ്ലേസ്മെന്റ് ലഭിക്കുന്നതിനായി 2012 - ൽ അപേക്ഷ സമർപ്പിച്ചു എങ്കിലും പ്ലേസ്മെന്റിനുള്ള മാനദണ്ഡം ആയിട്ടില്ലെന്ന് അറിയിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അപേക്ഷ തിരിച്ചയച്ചിരുന്നെന്നും, ടിയാരിയ്ക്ക് 26.09.2011 - ൽ അസിസ്റ്റന്റ് പ്രൊഫസർ AGP 8000-ലേയ്ക്കും 26.09.2014 - ന് അസ്സോസ്സിയേറ്റ് പ്രഫസർ തസ്തികയിലേയ്ക്കും പ്രൊമോഷൻ ലഭിക്കേണ്ടതായിരുന്നുവെന്നും,13 വർഷം മുമ്പ് പരിഷ്കരിച്ച ശമ്പളവും അതിനനുസൃതമായ പെൻഷനുമാണ് തനിയ്ക്ക് നിലവിലും ലഭിക്കുന്നതെന്നും 23.02.2016 - ന് മുൻപ് പ്രമോഷൻ ലഭിക്കേണ്ടിയിരുന്ന അധ്യാപകർക്ക് യി.ജി.സി. ശമ്പള പരിഷ്കരണ പ്രകാരം പ്രൊമോഷൻ നൽകണമെന്നുള്ള ബഹു.സുപ്രീം കോടതി ഓർഡർ നിലവിലുണ്ടെന്നും ഹർജിക്കാരി ഹിയറിംഗ് വേളയിൽ ബോധിപ്പിച്ചിരുന്നു.

5.ശ്രീമതി.വിജയകുമാരി.എൻ.എം - ന് 26.09.2011 - ൽ അസിസ്റ്റന്റ് പ്രൊഫസർ സ്റ്റേജ് 3 (AGP 8000) അനുവദിച്ചിട്ടുണ്ടെന്നും,കൂടാതെ യു.ജി.സി റെഗുലേഷൻ 2010, പ്രകാരം അസ്സോസിയേറ്റ് പ്രൊഫസർ പ്ലേസ്മെന്റ് ലഭിക്കുന്നതിന് സ്റ്റേജ് 3 യിൽ നിന്നും 3 വർഷം പൂർത്തീകരിക്കുന്നതോടൊപ്പം ചുവടെ പറയുന്ന വ്യവസ്ഥകൾ കൂടി പൂർത്തീകരിക്കേണ്ടതാണെന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

1.യു.ജി.സി റെഗുലേഷൻ പ്രകാരമുള്ള മിനിമം API സ്കോർ

2.പി.എച്ച്.ഡി ഉള്ളവർക്ക് 1 പബ്ലിക്കേഷൻ, എം.ഫിൽ ഉള്ളവർക്ക് 2 പബ്ലിക്കേഷൻ, പി.എച്ച്.ഡി, എംഫിൽ യോഗ്യത ഇല്ലാത്തവർക്ക് മിനിമം 3 പബ്ലിക്കേഷൻ.

3.ഒരാഴ്ച കാലാവധിയുള്ള ഒരു കോഴ്സ് (റിഫ്രഷർ/ഷോർട് ടേം കോഴ്സ്)

4.യു.ജി.സി റെഗുലേഷൻ പ്രകാരമുള്ള സെലക്ഷൻ കമ്മിറ്റി നടപടിക്രമം പാലിച്ചിരിക്കണം.

6.എന്നാൽ യു.ജി.സി റെഗുലേഷൻ പ്രകാരം അസ്സോസിയേറ്റ് പ്രൊഫസറായി നിയമിക്കുന്നതിനുള്ള മേൽ സൂചിപ്പിച്ച മാനദണ്ഡങ്ങൾ ടിയാരി പാലിച്ചിട്ടില്ലെന്നും, മുഴുവൻ സേവന കാലയളവിലും പി.എച്ച്.ഡി - യോ, 2 പബ്ലിക്കേഷനോ നേടിയിട്ടില്ലെന്നും, ആയതിനാലാണ് ടിയാരിയ്ക്ക് അസ്സോസിയേറ്റ് പ്രൊഫസർ പ്ലേസ്മെന്റ് നിരസിച്ചതെന്നും, കൂടാതെ ബഹു.സുപ്രീം കോടതിയുടെ SLP 3577/2017 നമ്പർ കേസിലെ 17.7.2018-ലെ വിധി 23.2.2016 മുതലാണ് ബാധകമാകുന്നതെന്നും, ടിയാരിയ്ക്ക് 23.2.2016-ന്, മുമ്പാണ് അസ്സോസിയേറ്റ് പ്രൊഫസർ പ്ലേസ്മെന്റ് ഡ്യൂ ആകുന്നതെന്നും,ടി വസ്തുതകളുടെ അടിസ്ഥാനത്തിൽ ടിയാരി ഉന്നയിച്ച വാദങ്ങൾ അടിസ്ഥാനരഹിതമാണെന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തു.

7.നിലവിലുള്ള സർക്കാർ ഉത്തരവുകളിലെയും,ബന്ധപ്പെട്ട യു.ജി.സി റെഗുലേഷനുകളിലെയും വ്യവസ്ഥകൾ പ്രകാരവും,ഹർജിക്കാരിയെ നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിലും സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.

8.ആറാം യു.ജി.സി റെഗുലേഷൻ സംസ്ഥാനത്ത് നിലവിൽ വന്നത് പരാമർശം (1) - ലെ ഉത്തരവ് പ്രകാരമാണ്.പരാമർശം (2) - ലെ ഉത്തരവ് പ്രകാരം 18.09.2010 പ്രാബല്യത്തിലാണ് യുജിസി റഗുലേഷൻസ് 2010(ആറാം യു.ജി.സി) സംസ്ഥാനത്ത് നടപ്പിലാക്കിയിരുന്നത്. ടി ഉത്തരവിന്റെ അഞ്ചാം ഖണ്ഡികയിൽ എല്ലാ യൂണിവേഴ്സിറ്റികളും സ്റ്റാറ്റ്യൂട്ടിൽ ഭേദഗതി വരുത്തണമെന്നും നിർദ്ദേശിച്ചിരുന്നു.യു.ജി.സി റഗുലേഷൻസ് - 2010 പ്രകാരമുള്ള നിബന്ധനകൾ സർവകലാശാല സ്റ്റാറ്റ്യൂട്ടുകളിൽ ചേർത്തിട്ടില്ലാത്തതിനാൽ 23.02.2016 - വരെ ടി നിബന്ധനകൾ സ്വകാര്യ കോളേജുകൾക്ക് നിർബന്ധമാക്കേണ്ടതില്ലെന്നും ബഹു.ഹൈക്കോടതി S.N. College Vs. N.Raveendran, [2001 (3) KLT 938], കേസിലെ വിധിന്യായത്തിൽ നിരീക്ഷിക്കുകയും, ബഹു.സുപ്രീം കോടതി ബഹു.ഹൈക്കോടതിയുടെ ഉത്തരവ് ശരിവെയ്ക്കുകയും ചെയ്തിരുന്നു.ആയതിന്റെ അടിസ്ഥാനത്തിലാണ് യു.ജി.സി നിബന്ധനകൾ ബാധകമാക്കാതെ, 3 വർഷം സർവ്വീസ് മാത്രം കണക്കിലെടുത്ത് 23.02.2016 തീയതിക്ക് മുൻപ് യു.ജി.സി റെഗുലേഷൻ 2010 അനുസരിച്ചു ലക്ച്ചർ സെലക്ഷൻ ഗ്രേഡിൽ നിന്നും അസ്സോസിയേറ്റ് പ്രൊഫസ്സർ ആയി സ്ഥാനക്കയറ്റം ലഭിക്കേണ്ട എയ്ഡഡ് കോളേജ് അദ്ധ്യാപകർക്ക് പ്രസ്തുത സ്ഥാനക്കയറ്റം നൽകുന്നതിന് അനുമതി നൽകിയിരുന്നത്.പ്രസ്തുത ഉത്തരവ് എയ്ഡഡ് കോളേജുകൾക്ക് മാത്രമാണ് ബാധകമാക്കിയിരിക്കുന്നത്.യു.ജി.സി റെഗുലേഷൻസ് അതാത് കാലയളവിൽ സർക്കാർ കോളജുകളിൽ നടപ്പിലാക്കിയിരുന്നതിനാൽ യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടുകൾക്ക് അനുസൃതമായി പ്രവർത്തിക്കുന്ന സ്വകാര്യ എയ്ഡഡ് കോളേജുകൾക്ക് ബഹു.സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നൽകിയ ഇളവിന് സർക്കാർ കോളേജ് അധ്യാപകർ അർഹരല്ല.

9.ശ്രീമതി.വിജയകുമാരി.എൻ.എം. - ന് 26.09.2011 - ന് അസിസ്റ്റന്റ് പ്രൊഫസർ (8000 AGP) അനുവദിച്ച് നൽകിയിട്ടുള്ളതിനാൽ CAS പ്ലെയ്സ്മെന്റിന് വേണ്ടിയുള്ള നിശ്ചിത API സ്കോർ കരസ്ഥമാക്കിയിട്ടുണ്ടെങ്കിൽ പരാമർശം (1) ഉത്തരവിലെ clause 6.1.12 പ്രകാരം ടിയാരിക്ക് 26.09.2014 പ്രാബല്യത്തിൽ അസോസിയേറ്റ് പ്രൊഫസർ പ്ലെയ്സ്മെന്റ് അനുവദനീയമായിരുന്നു.എന്നാൽ ടിയാരിക്ക് പി.എച്ച്.ഡി യോഗ്യതയോ ജേർണൽ പബ്ലിക്കേഷനോ ഇല്ല എന്നതിനാൽ അസിസ്റ്റന്റ് പ്രൊഫസർ (8000 AGP) - യിൽ മൂന്ന് വർഷം പൂർത്തിയാക്കി എന്നത് കൊണ്ട് മാത്രം 26.09.2014 - പ്രാബല്യത്തിൽ ആറാം യു.ജി.സി സ്കീം പ്രകാരം അസോസിയേറ്റ് പ്രൊഫസർ പ്ലെയ്സ്മെന്റ് അനുവദനീയമല്ല.

10.മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ,കോഴിക്കോട്, ഗവ.ആർട്സ് & സയൻസ്

കോളേജിലെ റിട്ടയേർഡ് അസിസ്റ്റന്റ് പ്രൊഫസർ ശ്രീമതി.വിജയകുമാരി. എൻ.എം, സമർപ്പിച്ച Annexure A2 and A3 നിവേദനങ്ങൾ പരിശോധിച്ച്, നിരസിച്ചു കൊണ്ട് ബഹു.ഹൈക്കോടതിയുടെ പരാമർശം (4) - വിധിന്യായം പാലിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സിനി .ജെ .ഷുക്കൂർ**
**അഡിഷണൽ സെക്രട്ടറി**

ശ്രീമതി.വിജയകുമാരി എൻ.എം., അസിസ്റ്റന്റ് പ്രൊഫസർ(റിട്ട), ചൈതന്യ, കക്കൂർ പി.ഒ., കോഴിക്കോട്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
നോഡൽ ഓഫീസർ( www.highereducation.kerala.gov.in)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (F2/264/2019-HEDN)

ഉത്തരവിൻ പ്രകാരം
Signed by
Asoka Kumari L
Date: 19-04-2024 16:33:39
സെക്ഷൻ ഓഫീസർ